കോടതി ഇടപെട്ട് സി.ബി.ഐ.-യ്ക്ക് കൈമാറിയിട്ടുള്ള കേസ്സുകൾ

14(219) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാന പോലീസിന്റെ അന്വേഷണത്തിലിരുന്ന എത്ര കേസ്സുകൾ കോടതി ഇടപെട്ട് സിബിഐ.-യ്ക്ക് കൈമാറിയിട്ടുണ്ട് എന്നും ഏതെല്ലാം കേസ്സുകളാണിവ എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേസ്സുകൾ സി.ബി.ഐ.യ്ക്ക് വിട്ടതിന് കോടതി കണ്ടെത്തിയ നിഗമനങ്ങൾ എന്തൊക്കെയായിരുന്നു ;

(സി) ഓരോ കേസിലും കോടതിയുടെ പരാമർശം എന്തൊക്കെയായിരുന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

സി.ബി.ഐ. അന്വേഷിക്കുന്ന കേസുകൾ

15(220) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിബിഐ. അന്വേഷിക്കുന്ന എത്ര കേസുകളുണ്ട് ; അവ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഓരോ കേസും സി.ബി.ഐ. ഏറ്റെടുത്തിട്ട് എത്രകാലം വീതമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കുറ്റം തെളിയിക്കപ്പെടാതെ സിബിഐ. അന്വേഷണം അവസാനിപ്പിച്ച എത്ര കേസുകളുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 21 കേസ്സുകൾ. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ആകെയുള്ള 21 കേസ്സുകളിൽ 11 എണ്ണത്തിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന 10 കേസ്സുകളിൽ ഒരെണ്ണം 2 വർഷത്തിലധികം കാലപ്പഴക്കമുള്ളതും മറ്റുള്ളവ 1 വർഷത്തിനു താഴെ കാലപ്പഴക്കമുള്ളതുമാണ്.

(സി) കുറ്റം തെളിയിക്കാത്ത ഒരു കേസ്സും അവസാനിപ്പിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly